# STD - III

## അദ്ധ്യാപക സഹായി

## പാഠം - ഒന്ന് ജീവദാതാവായ പരിശുദ്ധാത്മാവ് ഭാഗം - ഒന്ന്

**ലക്ഷ്യം:**

നമുക്ക് ജീവൻ പകരുന്നത് പരിശുദ്ധാത്മാവാണ്

പരിശുദ്ധാത്മാവിന്റെ സഹായത്തോടെ ദൈവത്തിന് ഇഷ്ടമുള്ള പ്രവൃത്തികൾ ചെയ്യുവാൻ എനിക്കു സാധിക്കും.

**പഠനസഹായികൾ**

അപ്പോ. 1:6–9 യേശുവിന്റെ സ്വർഗ്ഗാരോഹണം

പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ എഴുതിയ കാർഡ്

പരിശുദ്ധാത്മാവിന്റെ പ്രതീകങ്ങളുടെ ചിത്രം

മുട്ട വിരിഞ്ഞ് കോഴിക്കുഞ്ഞ് ഉണ്ടാകുന്നത് കഥാരൂപേണ അവതരിപ്പിക്കുന്നു.

**പാഠത്തിന്റെ ഉള്ളടക്കം**

ഒന്നാം ക്ലാസിൽ നാം പഠിച്ചത് ആരെക്കുറിച്ചാണ്?

പിതാവായ ദൈവം

രണ്ടാം ക്ലാസിൽ നാം പഠിച്ചത് ആരെക്കുറിച്ചാണ്?

പുത്രനായ ദൈവം

മൂന്നാം ക്ലാസിൽ നാം പഠിക്കാൻ പോകുന്നത് ആരെക്കുറിച്ചാണ്?

പരിശുദ്ധാത്മാവായ ദൈവം

നമുക്ക് എത്ര ദൈവമുണ്ട്?

നാം വിശ്വസിക്കുന്ന ഏകദൈവത്തിൽ മൂന്നാളുകളുണ്ട്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. എന്നു പറഞ്ഞാൽ

പിതാവ് ദൈവമാകുന്നു

പുത്രൻ ദൈവമാകുന്നു

പരിശുദ്ധാത്മാവ് ദൈവമാകുന്നു.

പിതാവിൽ നിന്നും പുത്രനിൽ നിന്നും സ്നേഹമായി പുറപ്പെടുന്ന അരൂപിയാണ് പരിശുദ്ധാത്മാവ്.

പരിശുദ്ധത്മാവിന്റെ പ്രതീകങ്ങളുടെ ചിത്രം കാണിക്കുന്നു.

പരിശുദ്ധാത്മാവിന്റെ മാനങ്ങൾ ആക്ഷനിലൂടെ പഠിപ്പിക്കുന്നു.

ജ്ഞാനം: തലയുടെ മേൽ രണ്ടു കൈകളും വയ്ക്കുന്നു.

ബുദ്ധി: തലയുടെ വലതുവശം വലതുകൈയുടെ ചൂണ്ടുവിരൽ തൊടുന്നു.

ആലോചന: തലയുടെ ഇടതുവശം ഇടതുകൈയുടെ ചൂണ്ടുവിരൽ തൊടുന്നു.

അറിവ്: ചുണ്ടിൽ സ്പർശിക്കുന്നു.

ആത്മശക്തി: ഹൃദയഭാഗത്ത് സ്പർശിക്കുന്നു.

ഭക്തി: കൈകൂപ്പുന്നു.

ദൈവഭയം: ഇരുകരങ്ങളും ഉയർത്തുന്നു.

## പ്രാർത്ഥന

പരുശുദ്ധാത്മാവായ ദൈവമേ, അങ്ങയുടെ ദാനങ്ങൾ നൽകി ഞങ്ങളെ അനുഗ്രഹിക്കേണമേ.

## ചോദ്യങ്ങൾ

1. ഏകദൈവത്തിലെ മൂന്നാളുകൾ ആരെല്ലാം?
2. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ഏതെല്ലാം?
3. ഈ പ്രപഞ്ചത്തിലെ സകല ജീവജാലങ്ങൾക്കും ജീവൻ നൽകുന്നത് ആര്?

# STD - III

## അദ്ധ്യാപക സഹായി

## പാഠം - ഒന്ന് ജീവദാതാവായ പരിശുദ്ധാത്മാവ് ഭാഗം - രണ്ട്

### ലക്ഷ്യം:

പരിശുദ്ധാത്മാവ് വിശുദ്ധിയിൽ വളരാനും, ദൈവസ്നേഹത്തിൽ ജീവിക്കാനും നമ്മെ സഹായിക്കുന്നു. പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾ ഉപയോഗപ്പെടുത്തി ദൈവഭയത്തോടും ഭക്തിയോടുംകൂടി ഞാൻ ജീവിക്കും.

### പഠനസഹായികൾ

വചനം അപ്പോ. 1:8, പാഠഭാഗത്തെ പാട്ട്, പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ അടയാളപ്പെടുത്തിയ പൂവിന്റെ ചിത്രം.

### പാഠത്തിന്റെ ഉള്ളടക്കം

* നമുക്ക് ജീവൻ നൽകിയത് ആര്?
* പെന്തക്കോസ്താദിനത്തിലാണ് ശിഷ്യന്മാർക്ക് ദൈവികജ്ഞാനം ഉണ്ടായത്.
* പരിശുദ്ധാത്മാവ് എന്തിനെല്ലാം നമ്മെ സഹായിക്കുന്നു?
* വിശുദ്ധിയിൽ വളരാൻ, സുവിശേഷ വഴികളിലൂടെ മുന്നോട്ടു നീങ്ങാൻ
* ദൈവത്തിന് ഇഷ്ടമുള്ള പ്രവൃത്തികൾ ചെയ്യാൻ
* ദൈവസ്നേഹത്തിൽ ജീവിക്കാൻ
* സവിശേഷമായ ശക്തിയും ചൈതന്യവും ലഭിക്കാൻ
* ഭക്തിയും ദൈവഭയവും ലഭിക്കാൻ, വിശ്വാസത്തിന് സാക്ഷ്യം വഹിക്കാൻ
* പിശാചുക്കളെ അകറ്റാൻ
* പരിശുദ്ധാത്മാവിനെ ലഭിക്കാൻ നാം ദൈവത്തോട് പ്രാർത്ഥിക്കണം.

### പ്രാർത്ഥന

കർത്താവായ ദൈവമേ, ദൈവസ്നേഹത്തിൽ ജീവിക്കാനും വിശുദ്ധിയിൽ വളരാനും പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾ നൽകി അനുഗ്രഹിക്കണമേ.

### ചോദ്യങ്ങൾ

1. എങ്ങനെയെല്ലാമാണ് പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നത്?
2. അപ്പോസ്തന്മാർക്ക് ദൈവികജ്ഞാനം ഉണ്ടായതെപ്പോൾ?
3. പരിശുദ്ധാത്മാവിനെ ലഭിക്കാൻ നാം എന്തുചെയ്യണം?